**POLICE DEPARTMENT**

**KERALA**

**No. E2-38952/2016/G**

ജില്ലാ പോലീസ് ഓഫീസ്,
കാസറഗോഡ്
spksgd.pol@kerala.gov.in
04994255461
തീയതി. 06-10-2016

**ലേലം /ദർഘാസ് പരസ്യം**

കാസറഗോഡ് ജില്ലാ പോലീസ് മേധാവിയുടെ അധീനതയിൽ ഉള്ളതും, കാസറഗോഡ് സായുധ സേന ക്യാമ്പിൽ സൂക്ഷിച്ചിരിക്കുന്നതും ഡിപ്പാർട്മെൻറിന് ഉപയോഗ്യമല്ലാത്തതുമായ ചുവടെ ചേർത്തിരിക്കുന്ന സ്പേയർ പാർട്ട്സുകളും വേസ്റ്റ് ഓയിലും ടയറുകളും **2016 നവംബർ മാസം 10 - )o** തീയ്യതി പകൽ 11 മണിക്ക് പ്രസ്തുത ക്യാമ്പിൽ വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതാണ്.

| ക്രമ നമ്പർ | സാധനങ്ങൾ | അളവ് |
|---|---|---|
| 1 | സ്പേയർ പാർട്ട്സ് | 129 എണ്ണം |
| 2 | വേസ്റ്റ് ഓയിൽ | 375 ലിറ്റർ |
| 3 | ടയറുകൾ ( വലിപ്പം 185 x 85 ) | 37 എണ്ണം |
| 4 | ടയറുകൾ ( വലിപ്പം 205 x 65 ) | 27 എണ്ണം |
| 5 | ടയറുകൾ ( വലിപ്പം 215 x 75 ) | 31 എണ്ണം |
| 6 | ടയറുകൾ ( വലിപ്പം 750 x 16 ) | 9 എണ്ണം |
| 7 | ടയറുകൾ ( വലിപ്പം 2.75 x 18 ) | 17 എണ്ണം |
| 8 | ടയറുകൾ ( വലിപ്പം 3.00 x 18 ) | 1 എണ്ണം |
| 9 | ടയറുകൾ ( വലിപ്പം 3.25 x 19 ) | 3 എണ്ണം |
| 10 | ടയറുകൾ ( വലിപ്പം 3.50 x 20 ) | 3 എണ്ണം |
| 11 | ടയറുകൾ ( വലിപ്പം 900 x 20 ) | 4 എണ്ണം |
| 12 | ടയറുകൾ ( വലിപ്പം 90/90/12 ) | 1 എണ്ണം |
| 13 | ടയറുകൾ ( വലിപ്പം 600 x 16 ) | 1 എണ്ണം |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം ലേലസ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിനു ഒരുമണിക്കൂർ മുൻപ് ലേല സാധനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ളതായ നിരതദ്രവ്യം 2000 രൂപ ( രണ്ടായിരം രൂപ മാത്രം ) അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം നഷ്ട്ടപ്പെട്ടവർക്ക് നിരതദ്രവ്യം തിരിച്ചു നൽകുന്നതാണ്. കൂടാതെ, ടി സാധനങ്ങളുടെ വിൽപനയ്ക്ക ദർഘാസുകൾ സ്വീകരിക്കുന്നതാണ്. സീൽ ചെയ്ത കവറിൽ ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ ജില്ലാ പോലീസ് മേധാവിക്ക് 2016 **നവംബർ 9 -)o തീയ്യതി വൈകുന്നേരം 4 മണിക്ക് മുൻപായി** കിട്ടത്തക്കവിധം നൽകാവുന്നതാണ്. ദർഘാസിനൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും കാസറഗോഡ് ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയിട്ടുള്ളതും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കാസറഗോഡ് ശാഖയിൽ നിന്നും മാറാവുന്നതുമായ നിശ്ചിത നിരതദ്രവ്യം ഇല്ലാത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. കവറിനു മുകളിൽ "ഉപയോഗശൂന്യമായ സ്പേയർ പാർട്ട്സുകൾ വാങ്ങുന്നതിനുള്ള ദർഘാസ് " എന്ന് വ്യക്തമായി എഴുതിയിരിക്കണം. ദർഘാസുകൾ നൽകിയിട്ടുള്ളവർ ലേലസ്ഥലത്ത് നിർദ്ദിഷ്ട സമയത്ത് ഹാജരാകേണ്ടതാണ്.

പരസ്യലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ദർഘാസിലോ കൂടുതൽ തുക കാണുന്നത് ആ തുകയ്ക്ക് വില്പന താൽകാലികമായി സ്ഥിരപ്പെടുത്തുന്നതാണ്. ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ നിയമാനുസരണമുള്ള വിൽപ്പനനികുതി അടക്കമുള്ള ലേല /ദർഘാസ്സ് തുകയുടെ പകുതി ലേല സ്ഥലത്തു വച്ച് അടക്കേണ്ടതും, ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 10 ദിവസത്തിനകം ബാക്കി തുകയും അടച്ച് സാധനങ്ങൾ സ്വന്തം ചെലവിൽ കൊണ്ടുപോകേണ്ടതുമാണ്.

ലേലം കൊണ്ടയാൾ മേൽപറഞ്ഞ നിബന്ധനകൾ ലംഘിച്ചാൽ അയാൾ അടച്ചനിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും സാധനങ്ങൾ പുനർ ലേലം ചെയ്യുന്നതുമാണ്. പുനർ ലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയതിന് മുൻലേലക്കാരൻ ഉത്തരവാദിയാകുന്നതും ആയത് ടിയാനിൽ നിന്നും ഇടാക്കുന്നതുമാണ് . എന്നാൽ പുനർലേലത്തിൽ കൂടുതൽ തുക ലഭിച്ചാൽ ആയതിന് ടിയാൻ അർഹനായിരിക്കുന്നതല്ല .

ലേലം ചെയ്യാൻ ഉദ്ദേശിക്കുന്ന സാധനങ്ങളുടെ വിശദ വിവരങ്ങൾ എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 10 മണിമുതൽ വൈകുന്നേരം 5 മണിവരെയുള്ള സമയത്ത് ക്യാമ്പിൽ ബന്ധപ്പെട്ടവരുടെ അനുമതിയോടെ പരിശോധിക്കാവുന്നതാണ് . ഏതെങ്കിലും തരത്തിലുള്ള സംശയനിവാരണത്തിനായി 04994 230 088 എന്ന ഫോൺ നംബറിൽ ഓഫീസ് സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

യാതൊരുകാരണവും കാണിക്കാതെ ഈ നോട്ടീസിൻ പ്രകാരമുള്ള ലേലം/ദർഘാസ് നടപടികൾ മാറ്റിവയ്ക്കുകയോ, അസ്ഥിരപ്പെടുത്തുകയോ ചെയ്യുവാനുള്ള പൂർണ്ണ അധികാരം കാസറഗോഡ് ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.

ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : :- സംസ്ഥാന പോലീസ് മേധാവി തിരുവനന്തപുരം, അനന്തര നടപടികൾക്കായി (ആമുഖ കത്ത് സഹിതം ) : പോലീസ് സൂപ്രണ്ട് (എം.ടി), പി. എച്ച് ക്യു അറിവിലേക്കായി : എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും/ കമീഷണർമാർക്കും , ബറ്റാലിയൻ കമാൻഡൻറ്മാർക്കും നോട്ടീസ് ബോർഡിൽ പതിക്കുന്നതിനായി : കാസറഗോസ് ജില്ലയിലെ എല്ലാ പോലീസ് ഓഫീസർമാർക്കും പ്രചരണത്തിനായി. : സൂപ്രണ്ട് ഓഫ് ഗവൺമെൻറ് പ്രസ്സ്, തിരുവനന്തപുരം ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിന് (ആമുഖ കത്ത് സഹിതം) : ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കാസറഗോഡ് അനന്തര നടപടികളിലേക്ക്. (ആമുഖ കത്ത് സഹിതം) : ഡിവൈഎസ്പി എംടി നോർത്ത് സോൺ കോഴിക്കോട് , അസിസ്റ്റൻറ് കമാൻഡൻറ് , എ. ആർ, കാസറഗോഡ് , അറിവിലേക്കായി : ജില്ലയിലെ അംഗീകൃത വർക്ക് ഷോപ്പ് ഉടമകൾക്ക് (എംടിഒ മുഖാന്തിരം ) അറിവിലേക്കായി : കാഷ്യർ എ. ആർ / ഡി.പി. ഒ കാസറഗോഡ് , അറിവിലേക്കായി : നോട്ടീസ് ബോർഡ്/ സ്റ്റോക് ഫയൽ .